## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2619. 14.02.2013 -ൽ മറുപടിയ്ക്ക്**

## ഭക്ഷണ വസ്തുക്കളിൽ മായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | ഭക്ഷണ വസ്തുക്കളിൽ മായം ചേർത്ത് വലിയതോതിൽ വിൽപന നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, അത് തടയുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ പ്രവർത്തിക്കുന്നു; എന്ന് വ്യക്തമാക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മായം ചേർത്ത ഭക്ഷണ വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി സംസ്ഥാന തലത്തിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റും ജില്ലാ തലങ്ങളിൽ ജില്ലാ ഫുഡ് സേഫ്റ്റി ഓഫീസർമാരും സർക്കിൾ / മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരും നിലവിലുണ്ട്. കൂടാതെ തിരുവനന്തപുരം എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ച് 3 മൊബൈൽ വിജിലൻസ് സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് പരാതി അറിയിക്കുന്നതിനു മാത്രമായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിൽ ഒരു ടോൾ ഫ്രീ നമ്പരും (1800 425 1125) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി തിരുവനന്തപുരം, |

| | | | |
|---|---|---|---|
| | | | എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്ത് വിറ്റതിന് 2011 — 12 കാലത്ത് എത്ര കേസുകൾ എടുത്തു; ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെയാണ് കേസ് എടുത്തത്; ഫൈൻ ഇനത്തിൽ, എത്ര രൂപ ശേഖരിച്ചു; ജില്ലാടിസ്ഥാനത്തിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | ബി) | 2011 — 12 കാലയളവിൽ ക്രിമിനൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ സംസ്ഥാനതലത്തിൽ നിരവധി കേസുകൾ കോമ്പൗണ്ട് ചെയ്ത ഇനത്തിൽ 1878000 രൂപ പിഴയായി ഖജനാവിൽ അടച്ചിട്ടുണ്ട്. സംസ്ഥാന വ്യാപകമായി നടന്ന പരിശോധനയിലാണ് പിഴ ഈടാക്കിയത്. |
| സി) | നിലവിൽ എവിടെയൊക്കെയാണ് ഭക്ഷ്യ ലബോറട്ടറികൾ പ്രവർത്തിക്കുന്നത്; ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്ത് വിൽക്കുന്നത് വലിയ തോതിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭക്ഷ്യ ലബോറട്ടറികൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; അതിനാവശ്യമായ തീരുമാനം കൈക്കൊള്ളുമോ? | സി) | നിലവിൽ തിരുവനന്തപുരം എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഭക്ഷ്യ ലബോറട്ടറികൾ പ്രവർത്തിക്കുന്നത് കൂടാതെ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട സാമ്പിളുകൾ പരിശോധിക്കുന്നതിനായി പത്തനംതിട്ടയിൽ ഒരു ജില്ലാ ഭക്ഷ്യ സുരക്ഷാ ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്. നിലവിൽ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ലാബുകൾ നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം അക്രിഡിറ്റേറ്റ് ചെയ്യേണ്ടതുണ്ട്. നിലവിൽ അതിന് പ്രാമുഖ്യം നൽകിയിട്ടുള്ള പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ